നമ്പർ. സി2/4/2025/ഐ & പി ആർ

**ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

**തിരുവനന്തപുരം, തിയതി : 06-02-2025**

**കൊല്ലം @ 75 വ്യാപാര പ്രദർശന മേള**

**തീം പവലിയൻ തയ്യാറാക്കാൻ താത്പര്യപത്രം ക്ഷണിച്ചു**

കൊല്ലം ജില്ല രൂപീകൃതമായതിന്റെ 75-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് കൊല്ലം ആശ്രാമം മൈതാനിയിൽ 2025 മാർച്ച് 3 മുതൽ 10 വരെ സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേള പവലിയനിൽ പി ആർ ഡി യുടെ നേതൃത്വത്തിൽ **1500 ചതുരശ്ര അടിയിൽ** തീം ഏരിയ ഡിസൈനും ഫാബ്രിക്കേഷനും ചെയ്യുന്നതിന് പ്രൊപ്പോസൽ ക്ഷണിക്കുന്നു. വ്യാപാരമേളയുടെ തീം **'കൊല്ലം@75'** എന്നാണ്. സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമ നേട്ടങ്ങൾക്കും കൊല്ലത്തിന്റെ ചരിത്രത്തിനും പുറമേ, കൊല്ലം ജില്ലയുടെ ചരിത്രപരമായ വ്യാപാര പാരമ്പര്യം, സാംസ്കാരിക പൈതൃകം, ആധുനിക സമ്പദ് വ്യവസ്ഥയിലെ സാധ്യതകൾ എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള മോഡലുകളാണ് അവതരിപ്പിക്കേണ്ടത്.

ബന്ധപ്പെട്ട മേഖലയിൽ രണ്ടു വർഷത്തെ പ്രവർത്തിപരിചയമുള്ള, സമാനമായ സർക്കാർ പ്രോഗ്രാമുകളിൽ തീം പാവലിയനുകൾ സജീകരിച്ചിട്ടുള്ള ഏജൻസികൾക്കും ആർട്ടിസ്റ്റുകൾക്കും. അപേക്ഷിക്കാം.താല്പര്യമുള്ള ആർട്ടിസ്റ്റ് / ഡിസൈനർ മേൽ സൂചിപ്പിച്ചിട്ടുള്ള തീം അടിസ്ഥാനപ്പെടുത്തി ഒരു ഡിസൈൻ തയ്യാറാക്കി അത് വീഡിയോ ഫോർമാറ്റിൽ ജഡ്ജിങ് കമ്മിറ്റി മുമ്പാകെ **2025 ഫെബ്രുവരി 15-ന്**, തിരുവനന്തപുരത്ത്, സെക്രട്ടേറിയറ്റിൽ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലെ പി. ആർ. ചേമ്പറിൽ അവതരിപ്പിക്കേണ്ടതാണ്. ഒരു ഏജൻസി / വ്യക്തിക്ക് ഡിസൈൻ അവതരിപ്പിക്കാൻ പരമാവധി 30 മിനിറ്റ് അനുവദിക്കുന്നതായിരിക്കും. ഡിസൈൻ, ക്രിയേറ്റീവ്സ്, ഫാബ്രിക്കേഷൻ വർക്കുകളുടെ പ്രൊപ്പോസലിൽ വിശദമായ കോസ്റ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തേണ്ടതും, പ്രസ്തുത തുക പരമാവധി 15 ലക്ഷം രൂപയ്ക്കുള്ളിൽ ആയിരിക്കണം. പ്രൊപ്പോസൽ അവതരണ ദിവസം തന്നെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ സമർപ്പിക്കേണ്ടതുമാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി / വ്യക്തി തന്നെ ഡിസൈൻ

അടിസ്ഥാനമാക്കിയുള്ള ഫാബ്രിക്കേഷൻ ജോലികളും നിർവഹിക്കേണ്ടതാണ് .

ഡയറക്ടർ